കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോട്ടയം നഗരസഭയിലെ ലൈബ്രേറിയൻ ശ്രീമതി.പി.റ്റി.ഷീലയ്ക്ക് -പ്രത്യേക അവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3174/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.12.2018

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 08.06.2018 തിയതിയിലെ ഇ 6-26700/16 നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം നഗരസഭയിലെ ലൈബ്രേറിയനായ ശ്രീമതി.പി റ്റി ഷീല നാട്ടകം സോണൽ ഓഫീസിന്റെ പരിധിയിൽ ജോലിചെയ്യവരവേ 23.12.2014 ന് ഡ്യൂട്ടിസമയത്ത് സ്റ്റെപ്പിൽ കാൽവഴുതി വീഴുകയും ടിയാരിയുടെ നട്ടെല്ലിനും സ്പൈനൽകോഡിനും ക്ഷതമേൽക്കുകയും ചെയ്തതായും തുടർന്ന് എഴുന്നേൽക്കാനാകാത്ത അവസ്ഥയിലായി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതിരുന്നുവെന്നും നഗരസഭാസെക്രട്ടറി റിപ്പോർട്ടുചെയ്തിട്ടുള്ളതായും ടിയാളുടെ ലീവ് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള അവധികൾ 23.12.2014 മുതൽ 10.07.2015 വരെ അനുവദിച്ചിരുന്നുവെന്നും ടിയാൾക്ക് ഇപ്പോഴും ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവായിട്ടില്ലാത്തതിനാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലായെന്നും ആയതിനാൽ ശ്രീമതി. പി റ്റി ഷീലക്ക് 11.07.2015 മുതൽ 10.07.2017 വരെ (24 മാസം) പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് അവധി അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം നഗരകാര്യഡയറക്ടർ പരാമർശം കത്ത് പ്രകാരം ശുപാർശ ചെയ്ത നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം കോട്ടയം നഗരസഭയിലെ ലൈബ്രേറിയനായ ശ്രീമതി.പി.റ്റി.ഷീല-യ്ക്ക്, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്നുള്ള അവശതകൾ കാരണം ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കഴിയാതെ അവധിയിൽ തുടരുന്നതിനാൽ, മാനുഷിക പരിഗണന നൽകി പ്രത്യേക കേസായി പരിഗണിച്ച് കെ.എസ്.ആർ, ഭാഗം I, ചട്ടം 98(3)ൽ ഇളവു വരുത്തി 11.07.2015 മുതൽ 10.07.2017 വരെ പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശ്രീമതി.പി.റ്റി.ഷീല ഇതുവരെയായും സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടില്ലായെന്നതിനാൽ 10.07.2017 നു ശേഷമുള്ള ടിയാളുടെ അവധി അപേക്ഷ യഥാസമയം സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എസ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.പി.റ്റി.ഷീല, ലൈബ്രേറിയൻ, കോട്ടയം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോട്ടയം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ